**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത** | **07.12.2015 ൽ** |
| **ചോദ്യം നമ്പർ - 2062** | **മറുപടിക്ക്** |

**<u>ആഭ്യന്തരവകുപ്പിന്റെ പ്രവർത്തനം</u>**

| ചോദ്യം<br>ശ്രീ. എം.പി. വിൻസെന്റ് | | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) | |
|---|---|---|---|
| എ) | കുറ്റാന്വേഷണവും, ക്രമസമാധാനവും ഒരു ഓഫീസർ തന്നെ നിർവ്വഹിക്കുന്നത് ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോ; ഇവ രണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | എ) | 27.12.2006-ലെ സർക്കാർ ഉത്തരവ് നം. ജി.ഒ ആർ.റ്റി) നം. 3069/2006/ആഭ്യന്തരം പ്രകാരം കേസന്വേഷണങ്ങൾ കാര്യക്ഷമതയോടെയും വേഗത്തിലും നടത്തുന്നതിനായി, ക്രമസമാധാന പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണ വിഭാഗത്തെ വേർപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രാരംഭനടപടി എന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് പോലീസ് സിറ്റി ജില്ലകളിലെ ക്രമസമാധാന പോലീസ് വിഭാഗത്തെയും, അന്വേഷണ വിഭാഗത്തെയും വേർതിരിച്ച് പ്രവർത്തനം നടത്തി വരുന്നു. |
| ബി) | എസ്.ഐ, സി.ഐ, ഡി.വൈ.എസ്.പി, എസ്.പി പ്രൊമോഷൻ വൈകുന്നത് എന്തുകൊണ്ടാണ്; ഇതുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ; | ബി) | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, തസ്തികകളിലേക്കുള്ള പ്രമോഷൻ നൽകുന്നുണ്ട്. സർക്കിൾ ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാത്തതുകൊണ്ടാണ് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിലേക്ക് പ്രമോഷൻ വൈകുന്നത്. ഇതുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ട് |
| സി) | എസ്.ഐ. നിയമന പ്രക്രിയകൾ സ്ഥിരമായി കോടതി വ്യവഹാരത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഉണ്ട് |
| ഡി) | എസ്.ഐ ട്രെയിനിങ്ങ് സിലബസ് പരിഷ്ക്കരിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ? | ഡി) | ജി.ഒ നം. 174/2013/ആഭ്യന്തരം തീയതി 05.07.2013 പ്രകാരം എസ്.ഐ ട്രെയിനിങ്ങ് സിലബസ് പരിഷ്ക്കരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**